LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പു വഴി പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് വിവാഹധനസഹായം അനുവദിയ്ക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. വിവാഹം കഴിഞ്ഞ് ഒരു വർഷം പൂർത്തിയാവുകയും മൂന്നു കൊല്ലം കഴിയാതിരിക്കുകയും ചെയ്യുന്ന ദമ്പതികൾക്ക് ധനസഹായം അനുവദിയ്ക്കുന്നു. അപേക്ഷകരുടെ കുടുംബവാർഷിക വരുമാന പരിധി 22,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

(ബി) മിശ്രവിവാഹ ദമ്പതികൾക്ക് വിവാഹധനസഹായമായി 30,000 രൂപ അനുവദിച്ചു വരുന്നു. ധനസഹായം നൽകിയത് സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

അങ്കണവാടി ജീവനക്കാർക്ക് പഞ്ചായത്ത് നൽകുന്ന ഓണറേറിയം

400 (1845) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കണവാടി ജീവനക്കാർക്ക് പഞ്ചായത്തുകൾ നൽകുന്ന പ്രതിമാസ ഓണറേറിയം (അഡീഷണൽ) 150 രൂപ വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അഡീഷണൽ ഓണറേറിയം 1,000 രൂപയാക്കി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

അനാഥാലയങ്ങൾ

401 (1846) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന എത്ര അനാഥാലയങ്ങൾ ഉണ്ട് ;

(ബി) പ്രസ്തുത അനാഥാലയങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകി വരുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര തുകയാണെന്നു വ്യക്തമാക്കുമോ ;